## പാഠം 6

# പത്രൊസിന്റെ ശുശ്രൂഷ

**ഈ ആഴ്ചയിലെ പഠനത്തിന് അ.പ്ര. 9:32–43; 10:9–16; 11:1–26; 12:1–18; എഫെ. 2:11–19.**

**മനഃപാഠവാക്യം: “അപ്പോൾ പത്രൊസ് വായ് തുറന്നു പറഞ്ഞു തുടങ്ങിയത്: ദൈവത്തിന് മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു” (അ.പ്ര. 10:34,35).**

ലൂക്കൊസ് വിവരിക്കുന്നത് പൗലൊസ് തർസൊസിലേക്ക് പിരിഞ്ഞുപോയതോടുകൂടി ക്രിസ്തീയ സഭയുടെ ആദ്യകാലങ്ങളിൽ വീണ്ടും പത്രൊസ് പ്രധാന കഥാപാത്രമായി. പത്രൊസിനെ ചിത്രീകരിക്കുന്നത് യെഹൂദ്യയിലും ചുറ്റുമുള്ള പ്രദേശങ്ങളിലും സഞ്ചരിച്ച് സുവിശേഷവേല ചെയ്യുന്ന (മിഷണറി) സുവിശേഷപ്രവർത്തകൻ ആയിട്ടാണ്. അ.പ്ര. ഇവിടെ ചെറുതായി നൽകിയിരിക്കുന്ന വിവരണം രണ്ട് അത്ഭുതപ്രവർത്തികളെയാണ്. അനന്യാസിന്റെ സൗഖ്യവും തബീഥയുടെ (ദോർക്കാസ്) ഉയിർപ്പും, ഇവ രണ്ടും പത്താം അദ്ധ്യായത്തിലെ കൊർന്നേല്യൊസിന്റെ കഥയോട് ചേർന്നുവരുന്നു. ജാതികളുടെ മാനസാന്തരമായിരുന്നു അപ്പൊസ്തലിക സഭയിലെ ഏറ്റവും വിവാദപരമായ വിഷയം. കൊർന്നേല്യൊസിന്റെ സ്നാനത്തേത്തുടർന്നുള്ള ചർച്ചകൾ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് അടുത്തുവന്നില്ലെങ്കിലും പെന്തെക്കൊസ്തുനാളിലെ പരിശുദ്ധാത്മാവിന്റെ പകരൽ ചിലകാര്യങ്ങളുടെ ഓർമ്മപ്പെടുത്തലായി. അത് സുവിശേഷത്തിന്റെ അനുഗ്രഹങ്ങൾ യെഹൂദന്മാർക്കായിട്ട് മാത്രം പരിമിതപ്പെടുത്തിയിട്ടുള്ളതല്ല എന്ന് പത്രൊസിനെയും കൂട്ടുവിശ്വാസികളേയും ബോദ്ധ്യപ്പെടുത്താൻ സഹായിച്ചു. ആ കാലത്തുതന്നെ അന്ത്യൊക്യയിലെ സഭയും മുമ്പേതന്നെ ജാതികളിലേക്ക് കടന്നു ചെല്ലുവാൻ തുടങ്ങിയിരുന്നു.

ഈ ആഴ്ചയിലെ പഠനം ഉൾപ്പെടുന്നതും പീഢനമാണ്. ഹെരോദാ രാജാവിന്റെ കീഴിൽ പൗലൊസിന്റെ പീഢനത്തിൽ നിന്ന് രക്ഷനേടിയ അപ്പൊസ്തലരിൽ അതുണ്ടാക്കിയ അനന്തരഫലം.

## ലുദ്ദയിലും യോപ്പയിലും

യെഹൂദ്യയുടെ തീരദേശങ്ങളിലുള്ള ക്രിസ്ത്യാനികളെ പത്രൊസ് സന്ദർശിച്ചുകൊണ്ടിരുന്നു. അവന്റെ ഉദ്ദേശ്യം അവർക്കു തിരുവചന ഉപദേശങ്ങൾ നൽകുക എന്നതായിരുന്നു (അ.പ്ര. 2:42). എന്നാൽ ദൈവം അവനെ ശക്തിയോടെ ഉപയോഗിച്ച് യേശു ചെയ്ത അത്ഭുതപ്രവർത്തികൾ അവനിലൂടെയും ചെയ്തു.

**വായിക്കുക: അ.പ്ര. 9:32–35 ലൂക്കൊസ് 5:17–26 ലെ യേശുവിന്റെ അത്ഭുത പ്രവർത്തിയിലും അനന്യാസിന്റെ സൗഖ്യത്തിലും എന്തു സമാനതകൾ നിങ്ങൾ കാണുന്നു?**

വിവരണം ചുരുക്കമായിരുന്നാലും കഫർന്നഹൂമിലെ പക്ഷവാതക്കാരനെ യേശു സൗഖ്യമാക്കിയത് വളരെ അറിയപ്പെടുന്ന സംഭവമായിരുന്നു (ലൂക്കൊസ് 5:17–26). ആ കിടക്കയുടെ വിവരങ്ങളും അങ്ങനെതന്നെ ഏറ്റവും പ്രധാനമായത് അനന്യാസിന്റെ സൗഖ്യവും അതിന്റെ പ്രതികരണങ്ങളുമാണ്. അതു ലുദ്ദയിൽ മാത്രമല്ല ശാരോന്റെ കടലോരപ്രദേശങ്ങളിലും അത്ഭുത പ്രവർത്തികളുടെ യാഥാർത്ഥ്യങ്ങളെ അവരവർതന്നെ ശോധന ചെയ്ത് അനേക മനുഷ്യർ ദൈവത്തിലേക്കു തിരിഞ്ഞു.

**അ.പ്ര. 9:36–43 തബീഥയുടെ ഉയിർപ്പിന്റെ കഥ പുനഃപരിശോധിക്കുക. എന്താണ് അവരെക്കുറിച്ചുള്ള വലിയ സവിശേഷത.**

തബീഥാ അരമായിക് ഭാഷയിൽ "ഗസലേ" ഗ്രീക്കിൽ ദൊർക്കാസ് ക്രിസ്തീയ സഹാനുഭൂതിയിലും നല്ല പ്രവർത്തികളാലും തന്റെ അയൽക്കാർക്ക് വളരെ പ്രിയപ്പെട്ടവളായിരുന്നു. തബീഥയുടെ ഉയിർപ്പും യേശു യായിറൊസിന്റെ മകളെ ഉയിർപ്പിച്ച അത്ഭുതപ്രവൃത്തിയും സമാനങ്ങളാണ് (ലൂക്കൊസ് 8:41,49–56). അതിന് പത്രൊസ് സാക്ഷ്യം വഹിച്ചതാണ്. യേശുവിന്റെ മാതൃകയെ അംഗീകരിച്ചുകൊണ്ട് എല്ലാവരോടും മുറിവിട്ട് പുറത്തു പോകുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം അവൻ മുട്ടുമടക്കി പ്രാർത്ഥിച്ചു. അതിനുശേഷം സ്ത്രീയെ വിളിച്ചു, "തബീഥയെ എഴുന്നേൽക്കുക" എന്നു പറഞ്ഞു (അ.പ്ര. 9:40).

അപ്പൊസ്തലൻ അനേക അത്ഭുതങ്ങൾ പ്രവർത്തിച്ചു എങ്കിലും ഇതൊക്കെയും അപ്പൊസ്തലരുടെ കൈകളാൽ ദൈവത്തിന്റെ പ്രവർത്തനങ്ങളായിരുന്നു (അ.പ്ര. 5:12). യേശുവിന്റെ വീര്യപ്രവർത്തികളോട് തുല്യമായ വീര്യപ്രവർത്തികൾ ഒരുപക്ഷേ ഇന്ന് നാം ഉൾപ്പെടെ സഭയെ ഓർമ്മപ്പെടുത്താനാണ്. ദൈവത്തിന്റെ ഉപകരണമായിട്ടുള്ളവർക്ക് എന്തൊക്കെ കാര്യങ്ങളിൽ എത്രമാത്രം ഉണ്ട് എന്നല്ല. എന്നാൽ എത്രമാത്രം അവൻ/അവൾ' ദൈവത്തിനായി സമർപ്പിക്കുന്നു എന്നതാണ് (യോഹ. 14:12).

ദൈവികകാര്യങ്ങൾക്കായി പൂർണ്ണമായി നമ്മെ ഉപയോഗിക്കാൻ നാം ദൈവത്തെ അനുവദിക്കുമ്പോൾ മഹത്തായ കാര്യങ്ങൾ സംഭവിക്കും. പത്രൊസ് തബീഥയെ ഉയിർപ്പിച്ചതു മാത്രമല്ല വീര്യപ്രവർത്തികൾ യോപ്പയിൽ അനേകരെ മാനസാന്തരത്തിലേക്കു നയിച്ചു (അ.പ്ര. 9:42).

**ചില ആളുകൾ ചിന്തിക്കുന്നത് ശരിയായ ഒരു അത്ഭുതം കണ്ടാൽ മാത്രമെ അവർ വിശ്വസിക്കുകയുള്ളു എന്നാണ്. അങ്ങനെ എന്താണ് ഇവിടെ സംഭവിച്ചത്? ആ സമയത്തും അത്ഭുതങ്ങൾ ചിലരെ വിശ്വാസത്തിലേക്ക് നയിച്ചു. അങ്ങനെ അത്ഭുതങ്ങളെ കണ്ടിട്ടും വിശ്വസിക്കാത്ത അനേകരുടെ കഥകൾകൊണ്ടു നിറഞ്ഞതാണ് വേദപുസ്തകം. അപ്പോൾ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം എന്തിലാണ്?**

**തിങ്കൾ** **ആഗസ്റ്റ് 6**

**കൊർന്നേല്യൊസിന്റെ ഭവനത്തിൽ**

യോപ്പയിൽ തോൽക്കൊല്ലനായ ശീമോൻ എന്ന ഒരു മനുഷ്യന്റെ കൂടെ പത്രൊസ് പാർത്തു (അ.പ്ര. 9:43). ആ സമയം തന്നെ യോപ്പയിൽനിന്ന് ഏകദേശം ഇരുപത്തിയഞ്ചു മൈൽ (നാല്പതു കിലോമീറ്റർ) ദൂരമുള്ള കൈസര്യയിൽ കൊർന്നേല്യൊസ് എന്നു പേരുള്ള ഒരു റോമൻ ശതാധിപൻ താമസിച്ചിരുന്നു. അവനും അവന്റെ വീട്ടിലുള്ളവരെല്ലാം ആത്മാർത്ഥമായി ദൈവത്തെ ആരാധിക്കുന്നവരായിരുന്നു, എന്നിരുന്നാലും യെഹൂദാമതത്തെ ഔപചാരികമായി പിന്തുടരാത്തവരായിരുന്നു. അതിന്റെ അർത്ഥം കൊർന്നേല്യൊസ് അപ്പോഴും പരിച്ഛേദന ഏല്ക്കാത്ത ജാതീയനായിരുന്നു. ദൈവം നൽകിയ ഒരു ദർശനത്തിൽ, യോപ്പയിലേക്ക് ആളെ അയച്ച് പത്രൊസ് അവനെ സന്ദർശിക്കുവാൻ ക്ഷണിക്കുക എന്ന് നിർദ്ദേശിച്ചു (അ.പ്ര. 10:1–8).

**വായിക്കുക: അ.പ്ര. 10:9–16,28,34,35 എന്താണ് പത്രൊസിന് അനുഭവപ്പെട്ടത് അതിനെ എങ്ങനെയാണ് പത്രൊസ് വ്യാഖ്യാനിച്ചത്?**

നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം, പത്രൊസിന്റെ ദർശനം ആഹാരത്തേക്കുറിച്ചായിരുന്നില്ല, മനുഷ്യരെക്കുറിച്ചായിരുന്നു. ഏകദേശം ഉച്ചയോട് അടുത്ത സമയമായിരുന്നു. പത്രൊസ് വിശപ്പുള്ളവനായിരുന്നു. കൊന്നു ഭക്ഷിക്കുക എന്ന് ഒരു ശബ്ദം അവനോടു സംസാരിച്ചു. എന്നിട്ടും ദൈവം ആ ദർശനത്തിൽ ശുദ്ധിയുള്ളതും അല്ലാത്തതുമായി മൃഗങ്ങളെ വേർതിരിച്ചില്ല. സുവിശേഷത്തിന്റെ സമ്മിശ്രണമായ സ്വഭാവത്തെ പഠിപ്പിക്കുവാൻ.

ഈ ദർശനം പത്രൊസിന് ജാതികളോടുള്ള എതിർപ്പിനെ തകർക്കുവാൻ മാത്രമായി ഉള്ളതായിരുന്നു. പത്രൊസിന്റെ കാഴ്ചപ്പാട് അവൻ കൊർന്നേല്യൊസിന്റെ ഭവനത്തിൽ പ്രവേശിച്ച് അവനുമായി കൂട്ടായ്മ ആചരിച്ചുകഴി

ഞ്ഞാൽ അവൻ അവനെത്തന്നെ മലിനപ്പെടുത്തുകയും അതിലൂടെ അവന് ദൈവസന്നിധിയിൽ പ്രവേശിക്കുവാനോ ദൈവത്തെ ആരാധിക്കുവാനോ അയോഗ്യനാകും എന്നതാണ്. യെഹൂദ്യയിലും ചുറ്റുമുള്ള പ്രദേശങ്ങളിലും ജീവിച്ചിരുന്ന ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാർ പരിച്ഛേദന കഴിക്കാത്ത ജാതി കളുമായി സംസർഗ്ഗം നടത്തിയിരുന്നില്ല.

സത്യദൈവത്തെക്കുറിച്ചുള്ള അറിവിനെ ലോകത്തിലേക്കെത്തിക്കുവാൻ യിസ്രായേൽ ഒരു രാഷ്ട്രമായി നിലനിൽക്കേണ്ടത് ആവശ്യമാണ്. പൊതു ദർശനത്തിൽനിന്ന് വ്യതിചലിക്കുന്ന തരത്തിൽ സമകാലിക വേദശാസ്ത്രം യിസ്രായേലിന്റെ പൊതു ഐക്യത്തിൽനിന്ന് ജാതികളെ ഒഴിവാക്കിയിരുന്നു.

അബ്രഹാമിന്റെ ഉടമ്പടിയുടെ അടയാളമായിരുന്നു പരിച്ഛേദന. പരിച്ഛേ ദന ഏല്ക്കാത്ത ജാതികളെ അവർ തിരിച്ച് കുറവുള്ളവർ എന്നനിലയിൽ പെരുമാറിയിരുന്നു. പരിച്ഛേദന ഏറ്റ് ഒരു യെഹൂദനായി മാറുന്നില്ലെങ്കിൽ ഉടമ്പടിയുടെ അനുഗ്രഹത്തിൽ യാതൊരു ഭംഗവും ഇല്ലായിരുന്നു. അത്തര ത്തിലുള്ള ചിന്താഗതി യേശുവിന്റെ മരണത്തോടുള്ള അഖിലാണ്ഡത്തിന്റെ പ്രത്യാശയുമായി ചേർന്നു നിലനിൽക്കുവാൻ കഴിയുന്നതല്ല. ആദ്യകാലവി ശ്വാസികളും അങ്ങനെതന്നെ വിശ്വസിച്ചിരുന്നു എങ്കിലും സമയം കഴിയു ന്തോറും അത് അവരെ മനസ്സിലാക്കിക്കൊണ്ടിരുന്നു.

**വായിക്കുക: തീത്തൊസ് 2:11; ഗലാ. 3:26–28; എഫെ. 2:11,19. സുവിശേ ഷത്തിന്റെ സാർവ്വലൗകികതയെക്കുറിച്ച് ഈ വേദഭാഗങ്ങൾ എന്തു പഠി പ്പിക്കുന്നു? ഏതെങ്കിലും ഒരു വിഭാഗത്തിന് എതിരായോ വംശീയമായോ ഉള്ള മുൻവിധി, ക്രൈസ്തവനികൾ രഹസ്യമായി മനസ്സിൽ സൂക്ഷിക്കുന്നത് എത്ര തെറ്റാണ് എന്ന് ഈ വാക്യങ്ങൾ നമ്മോട് എന്തു പറയുന്നു?**

**ചൊവ്വ** **ആഗസ്റ്റ് 7**

**ആത്മാവിന്റെ ഫലം**

അ.പ്ര. 10:48 ആദ്യകാല സഭയുടെ നിർണ്ണായകമായ ഒരു നിമിഷത്തെ വെളിപ്പെടുത്തുന്നു. ആദ്യമായി ഈ സമയത്തായിരുന്നു അപ്പൊസ്തലന്മാ രിൽ ഒരുവൻ പരിച്ഛേദന ഏല്ക്കാത്ത ജാതികളോട് സുവിശേഷം പ്രസം ഗിച്ചു തുടങ്ങിയത്. യവനവിശ്വാസികളെപ്പോലെയല്ല അപ്പൊസ്തലരും മറ്റു യെഹൂദാവിശ്വാസികളും ജാതികളെ പള്ളിയിലേക്ക് സ്വീകരിക്കുവാൻ മന സ്സില്ലാത്തവരായിരുന്നു. യേശു യിസ്രായേലിന്റെ മശീഹ ആയിരുന്നിട്ടും അവർ ചിന്തിച്ചിരുന്നത് സുവിശേഷം ദൂരസ്ഥരും സമീപസ്ഥരുമായ യിസ്രായേലു മായി മാത്രം പങ്കുവെയ്ക്കുവാനുള്ളതാണ് എന്നാണ്. ജാതികൾ ആദ്യം മാന സാന്തരപ്പെടണം (പരിവർത്തനം) അതിനുശേഷം വിശ്വാസസമൂഹത്തിലേക്ക് അവരെ അംഗീകരിക്കുക. മറ്റു വാക്കുകളിൽ പറഞ്ഞാൽ ജാതികൾ ക്രിസ്ത്യാ

നികൾ ആകുന്നതിനു മുമ്പുതന്നെ അവർ യെഹൂദന്മാരാകണം. ആദ്യകാല യെഹൂദാവിശ്വാസികളുടെ ചിന്താഗതി അതായിരുന്നു, അതു മാറ്റപ്പെടേണ്ട തായിരുന്നു.

അന്യഭാഷ എന്നത് തെറ്റിദ്ധരിക്കപ്പെട്ട ഒരു ആശയമായിരുന്നു. കൊർന്നേ ല്യൊസിനും അവന്റെ ഭവനത്തിലുമുള്ളവർക്കും ഈ വരംകൂടി കൂട്ടിച്ചേർത്തു വ്യക്തമായി, ശ്രദ്ധിക്കാൻ കഴിയുന്ന അടയാളമായി. രക്ഷയ്ക്ക് ദൈവത്തിന് മുഖപക്ഷമില്ല രണ്ടുപേരും, യെഹൂദനും ജാതികളും ദൈവമുമ്പാകെ ഒരു പോലെയാണ്.

**വായിക്കുക: അ.പ്ര. 11:1–18 യെരൂശലേമിലെ സഭ, പത്രൊസിന്റെ കൈസ ര്യയിലെ അനുഭവത്തോട് എങ്ങനെയാണ് പ്രതികരിക്കുന്നത്?**

ദീർഘകാലമായി ജാതികളെക്കുറിച്ചുള്ള യെഹൂദന്മാരുടെ മുൻവിധി പത്രൊസ് അഗ്രചർമ്മികളോടൊത്തുള്ള ആഹാരം കഴിച്ചതിനെ വിമർശി ക്കാൻ, വിശ്വാസികളെ യെരൂശലേമിലേക്കു നയിച്ചു. ഇത് തോന്നിപ്പിക്കു ന്നത് അവർ കൊർന്നേല്യൊസിന്റെയും കുടുംബത്തിന്റെയും രക്ഷയെക്കാൾ കൂടുതൽ കരുതലുള്ളവരായിരിക്കുന്നത് തെറ്റോ ശരിയോ എന്ന് ഉറപ്പില്ലാത്ത യെഹൂദാ കർമ്മാചാരങ്ങളിലായിരുന്നു. അവർ ഭയപ്പെട്ടിട്ടുണ്ടായിരിക്കാം. ഇത്തരത്തിലുള്ള നിത്യമായ പ്രവർത്തിയാൽ സഭ വിഘടിപ്പിച്ചാൽ അത് യിസ്രായേലിന്റെ വിശ്വാസത്തെ നിരാകരിക്കും. അത് ദൈവപ്രീതി നഷ്ട മാക്കും. തങ്ങളുടെ സഹ യെഹൂദന്മാർ സ്തെഫാനൊസിന്റെ മരണത്തി ലേക്ക് നയിച്ച കുറ്റാരോപണം ഇവർക്കും ബാധകമായിത്തീരും.

“ക്രിസ്തുവിന്റെ സഭ വളരെ വ്യത്യസ്തമായ പുതിയ പ്രവർത്തനമേഖല കളിലേക്ക് പ്രവേശിക്കാനുള്ള സമയം വന്നിരുന്നു. യെഹൂദരായി തീർന്ന വർ ജാതികൾക്കെതിരായി അടച്ചിരുന്ന അനേകവാതിലുകൾ ഇപ്പോൾ അവർക്കായി തുറന്നിട്ടു. ജാതികളിൽ സുവിശേഷം സ്വീകരിച്ചവരെ, പരിച്ഛേ ദന എന്ന കർമ്മത്തിന്റെ ആവശ്യമില്ലാതെതന്നെ യെഹൂദാ ശിഷ്യന്മാരോട് തുല്യമായി പരിഗണിക്കുവാൻ തുടങ്ങി.” Ellen G White, The Acts of Apostles, P. 136.

പെന്തെക്കോസ്ത് നാളിലെപ്പോലെ അവരും അവർക്കു മുമ്പ് അറിയില്ലാ യിരുന്ന സ്വർഗ്ഗീയഭാഷയിൽ സംസാരിച്ചു. അതിന്റെ ഉദ്ദേശം വ്യത്യസ്തമാ യിരുന്നു. അപ്പൊസ്തലന്മാർക്ക് ഇത് സഭയുടെ ലോകദൗത്യം ഏറ്റെടുക്കാ നുള്ള വരമായിരുന്നപ്പോൾ, കൊർന്നേല്യൊസിൽ പ്രവർത്തിച്ചത് ദൈവ ത്തിന്റെ കൃപ ജാതികളുടെ ഇടയിലും ക്രിയ ചെയ്യുന്നു എന്ന് ഉറപ്പുവരുത്താ നാണ്.

**അന്ത്യോക്യയിലെ സഭ**

കൊർന്നേല്യൊാസിന്റെ മാനസാന്തരത്തിന്റെ പ്രേരണയാൽ ലൂക്കൊാസ് തന്റെ വിവരണത്തെ ഒന്നു നിർത്തിയിട്ട്, പത്രൊാസിന്റെ ജാതികളുടെ ഇട യിലെ സുവിശേഷവേലയുടെ പുരോഗതിയെ കാണിക്കുകയാണ്.

**വായിക്കുക: അ.പ്ര. 11:19-26 യെരൂശലേമിൽനിന്ന് ചിതറിപ്പോയവർ അന്ത്യൊാക്യയിൽ വന്നപ്പോൾ എന്തു സംഭവിച്ചു?**

അ.പ്ര. പതിനൊന്നാം അദ്ധ്യായം പൗലൊാസിന്റെ പീഡനത്തെക്കുറിച്ച് വിവരിക്കുന്ന എട്ടാം അദ്ധ്യായത്തിലേക്ക് തിരിച്ചുവരാൻ നമ്മെ നിർദ്ദേശി ക്കുന്നു. യെഹൂദ്യയിലും മറ്റു ചിലയിടങ്ങളിലും മുൻകാല പുരോഗമന പ്രവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ, യെരൂശലേം വിട്ടു പോകുവാൻ നിർബ്ബന്ധിതരായ യവന വിശ്വാസികളിലൂടെ സുവിശേഷം യെഹൂദ്യയുടെ അതിരുകൾ കടന്ന് മറ്റു സ്ഥലങ്ങളിൽ വ്യാപിച്ചു.

ലൂക്കൊാസ് പ്രത്യേകമായ ശ്രദ്ധ സിറിയയിലെ അന്ത്യോക്യ എന്ന വലിയ പട്ടണത്തിന് നൽകുന്നു. അവിടെ ചിതറിപ്പാർത്തവർ അവരുടെ സഹയെ ഹൂദന്മാർക്കും യവനർക്കും വചനം പ്രസംഗിക്കാൻ തുടങ്ങി അനേകർ വിശ്വാസം സ്വീകരിച്ചുകൊണ്ടിരുന്നു. അ.പ്ര. 1:8 ലെ യേശുവിന്റെ ദൗത്യം യവനരായ യെഹൂദാക്രിസ്ത്യാനികളുടെ പരിശ്രമഫലമായി മനസ്സിലാക്കി ക്കൊണ്ടിരുന്ന അവരായിരുന്നു ജാതികൾക്കായുള്ള ദൗത്യത്തിന്റെ അടിസ്ഥാ നമായി മാറിയത്.

അന്ത്യോക്യയിൽ സംഭവിച്ചതുകൊണ്ട് യെരൂശലേമിലെ അപ്പൊസ്തല രിൽ അവിടത്തെ സാഹചര്യങ്ങളെ വിലയിരുത്താൻ ബർന്നബാസിനെ അങ്ങോട്ട് അയയ്ക്കാൻ തീരുമാനിച്ചു. സുവിശേഷത്തിന്റെ മുൻപോട്ടുള്ള വളർച്ചയ്ക്കുള്ള വലിയ അവസരങ്ങളെ മനസ്സിലാക്കിക്കൊണ്ട് ബർന്നബാസ് പൗലൊാസിനുവേണ്ടി തർസൊാസിലേക്ക് ആളെ അയച്ചു. അവൻ ഒരു പ്രധാന സഹായി ആയിരിക്കാൻ കഴിയും എന്ന് ബർന്നബാസിനു തോന്നി.

ബർന്നബാസിന്റെ തോന്നൽ തെറ്റിയില്ല. ആ വർഷം അവർ രണ്ടുപേരും ഒന്നിച്ചു പ്രവർത്തിച്ചു. കൂടുതലും ജാതികളായ വലിയ ജനസഞ്ചയത്തിന് സുവിശേഷം കേൾക്കാൻ കഴിഞ്ഞു. യേശുക്രിസ്തുവിനെക്കുറിച്ച് സംസാരി ക്കുവാൻ അവർക്കുണ്ടായിരുന്ന വലിയ താല്പര്യം അനേകരെ വിശ്വാസിക ളാക്കി. അവിടെ അവർ ആദ്യമായി "ക്രിസ്ത്യാനികൾ" എന്ന പേരിൽ അറിയ പ്പെട്ടു (അ.പ്ര. 11:26). അവർ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടു. ആ പദം മിക്കവാറും സഭയ്ക്ക് പുറത്തുള്ളവർ എന്ന അർത്ഥത്തിലുള്ള പ്രയോഗമായ

തിനാൽ അവർ അവരെത്തന്നെ "സഹോദരന്മാർ" (അ.പ്ര. 1:16) "ശിഷ്യന്മാർ" (അ.പ്ര. 6:1) "വിശുദ്ധന്മാർ" എന്ന പദങ്ങൾ തിരഞ്ഞെടുത്തു. ആ സമയം അപ്പൊസ്തലപ്രവർത്തികൾ എഴുതപ്പെട്ടിരുന്നു. "ക്രിസ്ത്യാനികൾ" എന്നത് ഒരു സാധാര പദമായിത്തീർന്നിരുന്നു (അ.പ്ര. 26:28) ലൂക്കൊസും അത് അംഗീകരിച്ചതായി കാണുന്നു. "ക്രിസ്ത്യാനി" എന്നാൽ ക്രിസ്തുവിനെ അനുഗമിക്കുന്നവർ, ചേർന്നു നിൽക്കുന്നവർ എന്നാണ്.

**നിങ്ങളെ ഒരു ക്രിസ്ത്യാനി എന്നു വിളിക്കപ്പെടുന്നതിന്റെ അർത്ഥമെന്താണ്. നിങ്ങളുടെ ജീവിതം സത്യമായി ഒരു ക്രിസ്ത്യാനിയുടേതാണോ? കാര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അക്രൈസ്തവനിൽനിന്ന് എത്ര വ്യത്യസ്ഥമായിട്ടാണ് നിങ്ങൾ ജീവിക്കുന്നത്?**

**വ്യാഴം** **ആഗസ്റ്റ് 9**

**ഹെരോദാവിന്റെ പീഡനം**

യെഹൂദ്യയിലേക്ക് വീണ്ടും തിരിഞ്ഞുനോക്കുമ്പോൾ നാം അഭിമുഖീകരിക്കുന്നത് യോഹന്നാന്റെ സഹോദരനും സെബദിയുടെ മകനുമായ യാക്കോബിനെ ഹെരോദാരാജാവ് വധിക്കുന്നതാണ് (മർക്കൊ. 1:19). അവന് അങ്ങനെതന്നെ പത്രൊസിനോടും ചെയ്യണമെന്നുണ്ടായിരുന്നു.

**വായിക്കുക: അ.പ്ര. 12:1–4 ആദ്യകാലസഭ അഭിമുഖീകരിച്ച വെല്ലുവിളികളെക്കുറിച്ച് ഇത് നമ്മെ എന്തു പഠിപ്പിക്കുന്നു.**

ഹെരോദാരാജാവ് എന്ന് ഇവിടെ പരാമർശിക്കുന്നത് അഗ്രിപ്പാ ഒന്നാമനാണ്. എ.ഡി. 40 മുതൽ 44 വരെ യെഹൂദ്യ ഭരിച്ച മഹാനായ ഹെരോദാരാജാവിന്റെ പൗത്രൻ (മത്തായി 2:1). യെഹൂദാ ജനത്തിനിടയിൽ അറിയപ്പെടുന്നവനും സർവ്വതാ ബഹുമാനിതനുമായിരുന്നു. പ്രത്യേകിച്ച് പരീശന്മാർക്ക്. യെഹൂദന്മാരുടെ ഇഷ്ടം സമ്പാദിക്കുവാൻ അവൻ ചില അപ്പൊസ്തലരെ ആക്രമിക്കുവാൻ ശ്രമിച്ചു.

യാക്കോബിന്റെ വധം അഗ്രിപ്പാരാജാവിന്റെ ലക്ഷ്യം ഫലപ്രദമായിത്തന്നെ നടപ്പിലാക്കിയതിനാൽ അതുപോലെതന്നെ പത്രൊസിനെ വധിക്കുവാൻ പദ്ധതിയിട്ടു. പത്രൊസിനെ ബന്ധിച്ച് നാലു പട്ടാളക്കാർ അടങ്ങുന്ന നാലു സംഘങ്ങളുടെ കാവലിൽ ആക്കി. ഓരോ സംഘത്തിൽനിന്നും ഓരോ പട്ടാളക്കാർ രാത്രിയിൽ പത്രൊസിനെ കാവലായി. ഒരു സമയത്ത് നാല് പട്ടാളക്കാർ അവന്റെ കൂടെ ഉണ്ടായിരുന്നു. രണ്ട് പട്ടാളക്കാർ അവനെ ചങ്ങലകൊണ്ട് ബന്ധിക്കും. ഓരോ വശത്തും ഓരോ പട്ടാളക്കാർ. രണ്ട് പേർ പ്രവേശനത്തിങ്കൽ കാവൽ നില്ക്കും. ചില നാളുകൾക്ക് മുമ്പ് പത്രൊസിനും യോഹന്നാനും എന്തു സംഭവിച്ചുവോ അത് ഒഴിവാക്കാൻ പരമാവധി മുൻകരുതൽ എടുത്തിരുന്നു (അ.പ്ര. 5:17–20).

**വായിക്കുക: അ.പ്ര. 12:5-18 സഹോദരന്മാരുടെ പ്രാർത്ഥനയാൽ എന്തു സംഭവിച്ചു?**

പത്രൊസിനെ കുറ്റം വിധിച്ച് കൊല്ലുവാൻ അഗ്രിപ്പാരാജാവ് പദ്ധതിയിട്ട തിന്റെ തലേ രാത്രിയിൽ ഒരിക്കൽക്കൂടി പത്രൊസ് ഒരു ദൂതനാൽ അത്ഭുത കരമായി വിടുവിക്കപ്പെട്ടു.

അടുത്തതായി നാം കാണുന്നത് കൈസര്യയിൽ വച്ചുള്ള അഗ്രിപ്പാവിന്റെ മരണമാണ് (അ.പ്ര. 12:20-23). മരണകാരണം തിരിച്ചറിയുവാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. (ചെറുകുടലിനെ ബാധിക്കുന്ന അൾസർ, വിഷബാധ). എന്നിട്ടും ലൂക്കൊസ് പറയുന്നത് രാജാവിന്റെ മരണം സ്വർഗ്ഗീയ ന്യായവിധി ആണ് എന്നാണ്.

**യാക്കോബ് കൊല്ലപ്പെട്ടു. പത്രൊസ് വിടുവിക്കപ്പെട്ടു. ഹെരോദാവ് സ്വർഗ്ഗീയ ന്യായവിധി അഭിമുഖീകരിക്കുന്നു; മറ്റുള്ളവരിൽ ഇത് അങ്ങനെ കാണുന്നില്ല. നമ്മുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ഉണ്ടാകുകയി ല്ലെന്നും നമുക്കു മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങളിൽ നാം വിശ്വാ സത്താൽ ജീവിക്കണം എന്നതിനെക്കുറിച്ച് ഇത് നമ്മെ എന്തു പഠിപ്പി ക്കുന്നു?**

**വെള്ളി** **ആഗസ്റ്റ് 10**

**കൂടുതൽ ചിന്തയ്ക്ക്**

"സ്വർഗ്ഗീയ ദൂതന്മാരുടെ കരുതലിന്റെ ഫലമായി കൊർന്നേല്യൊസും കൂടെ യുള്ളവരും മാനസാന്തരപ്പെട്ട വിവരണമാണ് അ.പ്ര. പത്താം അദ്ധ്യായത്തിൽ നാം കാണുന്നത്. കൂടുതൽ ശ്രദ്ധയോടെ ഈ അദ്ധ്യായങ്ങൾ (8-10) നമുക്ക് വായിക്കാം. അവയിൽ നമുക്കു കാണാൻ കഴിയും, പലരും സങ്കല്പിക്കുന്ന തിനേക്കാൾ ആത്മീക വേലയിലായിരിക്കുന്നവർക്ക് സ്വർഗ്ഗം വളരെ സമീപ ത്താണ്. അതിലൂടെ നാം പഠിക്കേണ്ടത് ഓരോ മനുഷ്യനെക്കുറിച്ചും ദൈവം കരുതലുള്ളവനാണ്. ഓരോരുത്തരും ദൈവത്തിന്റെ പ്രവർത്തി ഈ ഭൂമി യിൽ പൂർത്തീകരിക്കുവാനുള്ള വലിയ നേട്ടത്തിന്റെ ഭാഗമായിട്ട് നാം ഓരോ രുത്തരേയും പരിപാലിക്കേണ്ടതാണ്" Ellen G White, Comments, The SDA Bible Commentary, Vol 6, P. 1059

"സഭ പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ട് പോകും. അവന്റെ ശത്രുക്കൾ ഇല്ലാതെയാവും ഇത് സഭയുടെ കഷ്ടങ്ങ ളിൽനിന്നോ രക്തസാക്ഷിത്വത്തിൽ നിന്നോ ഒഴിവ് ലഭിക്കുന്നതല്ലായിരിക്കും. ലൂക്കൊസിന്റെ വിശ്വാസം ദൈവത്തിന്റെ വചനത്തെ ബന്ധിക്കുവാൻ കഴി യില്ലെങ്കിലും അവന്റെ ദാസന്മാർക്ക് കഷ്ടവും ബന്ധനവും ഉണ്ടാകും. സുവി

ശേഷത്തിന്റെ വിജയം പൂർണ്ണമായും യാഥാർത്ഥ്യവും അംഗീകരിക്കപ്പെടുന്നതുമാണ്.” Howare Marshall, The Acts of the Apostles (Grand Rapids; Eerdmans 1980) pp 206,207.

**ചർച്ച ചെയ്യുക**

1. കൊർന്നേല്യൊസിനെ വിവരിക്കുന്നത് “അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിന് വളരെ ധർമ്മം കൊടുത്തും എപ്പോഴും പ്രാർത്ഥിച്ചും പോന്നു.” (അ.പ്ര. 10:2) വളരെ വ്യക്തമാണ്, പത്രൊസിനെ കണ്ടുമുട്ടുന്നതിനു മുമ്പുതന്നെ ദൈവത്തിന്റെ ആത്മാവ് കൊർന്നേല്യൊസിൽ പ്രവർത്തിച്ചിരുന്നു. അവന്റെ ഭക്തിയുള്ള ജീവിതം അവനിലേക്ക് സുവിശേഷവുമായി എത്തിച്ചേരാൻ ദൈവത്തിന് അവസരം ലഭിക്കുവാൻ സാധിച്ചു എന്നാണോ? അവന്റെ ജീവിതവിവരണത്തിൽനിന്ന് നമുക്കുള്ള പാഠം എന്താണ്?

2. തിങ്കളാഴ്ചയിലെ പാഠത്തിലേക്ക് മടങ്ങി അതിലെ അവസാനത്തെ ചോദ്യം നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക. ക്രിസ്ത്യാനികൾ മനസ്സിൽ സൂക്ഷിക്കുവാൻ പാടില്ലാത്ത വംശീയമായ സംഘർഷം ഉടലെടുക്കുവാൻ തക്ക എന്ത് സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയമായ പശ്ചാത്തലത്തിലാണ് നിങ്ങൾ ജീവിക്കുന്നത്? മറ്റു വാക്കുകളിൽ പറഞ്ഞാൽ, എപ്പോൾ എങ്ങിനെയാണ് നമ്മുടെ സംസ്കാരത്തിനും പശ്ചാത്തലത്തിനുമുപരിയായി നാം എല്ലാം ക്രിസ്ത്യാനികൾ എന്ന നിലയിൽ ഉയരുന്നത്?

3. ക്ഷതമുണ്ടായിരുന്നെങ്കിലും പീഡിപ്പിക്കുവാനുള്ള പൗലൊസിന്റെ ശ്രമം നല്ല ഫലത്തിലേക്കു തിരിഞ്ഞു. അഭയാർത്ഥികളായി അന്ത്യോക്യയിൽ വന്നവൻ യവനന്മാരോടും യെഹൂദന്മാരോടും ഉപദേശിക്കുവാൻ തുടങ്ങി. ഒരു വിഭാഗത്തിന്റെ അവകാശമായി വ്യക്തിപരമായ വേദനയും കഷ്ടതയും ദൈവം അനുഗ്രഹമാക്കി മാറ്റി.

4. യാക്കോബ് യേശുവിന്റെ ഏറ്റവും അടുത്ത ശിഷ്യരിൽ ഒരാളായിരുന്നു (മർക്കൊ. 5:37; 9:2; 14:33). എന്നിട്ടും പന്ത്രണ്ട് പേരിൽ ആദ്യമായി രക്തസാക്ഷിയായി. വിശ്വസ്തരായ ആളുകൾ അന്യായമായി കഷ്ടം അനുഭവിക്കുന്നു. എന്ത് ഉദാഹരണങ്ങളാണ് വേദപുസ്തകത്തിൽ നിങ്ങൾ കാണുന്നത്. കഷ്ടതയെക്കുറിച്ച് പൊതുവായി ചോദിക്കുമ്പോൾ, നമുക്കുതന്നെ ഈ വിവരണങ്ങളിൽനിന്ന് എന്തു പാഠങ്ങളാണ് എടുക്കുവാൻ കഴിയുന്നത്?

✪ ✪ ✪ ✪